**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3939** — **09-10-2025 - ൽ മറുപടിയ്ക്ക്**

**കന്നുകുട്ടി പരിപാലനം, ഗോവർധിനി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർധിനി പദ്ധതി എന്നീ പദ്ധതികളിലൂടെ ഇതിനോടകം എത്ര പശുക്കുട്ടികളെ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | **കന്നുകുട്ടി പരിപാലന പദ്ധതിയിൽ കഴിഞ്ഞ പത്ത് വർഷത്തിൽ 4,90,833 കന്നുകുട്ടികളെ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ ഗോവർദ്ധിനി പദ്ധതിയിൽ 3054 കന്നുകുട്ടികളെ വരിചേർത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പദ്ധതികൾ തരം തിരിച്ച് എണ്ണം പട്ടികയിൽ കൊടുക്കുന്നു.** |

| **വർഷം** | **CAP (25% തദ്ദേശ ഭരണ വകുപ്പ് വിഹിതം)** | **GP (50% തദ്ദേശ ഭരണ വകുപ്പ് വിഹിതം)** | **ഗോവർദ്ധിനി (50% സംസ്ഥാന വിഹിതം)** | **ആകെ** |
|---|---|---|---|---|
| 2015-16 | 16,644 | 978 | 8,362 | 25,984 |
| 2016-17 | 21,421 | 7,017 | 40,087 | 68,525 |
| 2017-18 | 18,912 | 13,636 | 12,968 | 45,516 |
| 2018-19 | 24,190 | 9,535 | 57,388 | 91,113 |
| 2019-20 | 20,446 | 7,344 | 14,448 | 42,238 |
| 2020-21 | 0 | 17,590 | 42,410 | 60,000 |
| 2021-22 | 21,157 | 13,687 | 21,590 | 56,434 |
| 2022-23 | 0 | 19,175 | 42,460 | 61,635 |
| 2023-24 | 0 | 1,778 | 0 | 1,778 |
| 2024-25 | 0 | 21 | 37,589 | 37,610 |
| **TOTAL** | **122,770** | **90,761** | **277,302** | **490,833** |

| | | | |
|---|---|---|---|
| (ബി) | ഏറ്റെടുക്കുന്ന പശുക്കുട്ടികളെ പരിപാലിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് | (ബി) | പശുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് 1976 മുതൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണത്തിലൂടെ പ്രത്യുൽപാദനക്ഷമതയും ഉത്പാദനക്ഷമതയും ക്രമേണ വർദ്ധിപ്പിക്കുകയും പാലുൽപാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. കിടാരികളുടെ ആദ്യ പ്രസവം നേരത്തെ ആക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ |

| | | | |
|---|---|---|---|
| | നിലവിൽ ഉള്ളത്; വ്യക്തമാക്കാമോ; | | പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന 4-6 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ പരമാവധി 30 മാസം വരെ സമീകൃത തീറ്റ, 32 മാസംവരെ ഇൻഷുറൻസ് പരിരക്ഷ, ധാതു ലവണ മിശ്രിതം, വിരമരുന്ന്, കാലാകാലങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പ്പ് എന്നിവ നൽകുന്നു. കർഷകർക്ക് ശാസ്ത്രീയ കന്നുകുട്ടി പരിപാലനത്തിൽ പരിശീലനവും പദ്ധതിയുടെ ഭാഗമായി നൽകുന്നു. നിലവിൽ ഒരു കന്നുകുട്ടിക്ക് അനുവദിക്കുന്ന ആകെ സബ്സിഡി 12,500/- രൂപയാണ്.<br><br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 50% സംസ്ഥാന ആവിഷ്കൃത ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയാണ് ഗോവർദ്ധിനി. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയിൽ (Calf Adoption Programme) – 25% സംസ്ഥാന മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നു. ഗ്രാമപഞ്ചായത്ത് പദ്ധതി (GP) 50% ചെലവും തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കുന്നു. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയിൽ 2021-22 വർഷം വരെയും ഗ്രാമപഞ്ചായത്ത് പദ്ധതി 2022-23 വർഷം വരെയും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ; | (സി) | നിലവിൽ തീറ്റയുടെ വില കി.ഗ്രാമിന് 30 രൂപയായി വർദ്ധിക്കുകയും സബ്സിഡി തുക 12,500- രൂപയായിത്തന്നെ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് അനുവദനീയമായ സബ്സിഡി തുക തീരുകയും കന്നുകുട്ടിക്ക് ആവശ്യമായത്ര കാലയളവ് വരെ തീറ്റനൽകാൻ സാധിക്കാത്ത അവസ്ഥയിലാവുകയും ചെയ്യുന്നതുമൂലം പദ്ധതിലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ പോവുകയും ചെയ്യുന്നുണ്ട്. ഈ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും കന്നുകുട്ടികളുടെ ജനനം മുതലുള്ള പരിപാലനത്തിനും വളർച്ചയ്ക്കും ഉതകുന്ന തരത്തിൽ ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതികൾ വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 14 ജില്ലകളിൽ നിന്നും കന്നുകുട്ടികളെ വരിചേർത്ത് ആനുകൂല്യം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ